LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിക് സപ്ലൈ ഏജൻസികൾ

83 [394] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, ടി. എൻ. പ്രതാപൻ:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇലക്ട്രിക് സപ്ലൈ ഏജൻസികളുണ്ട്; അവ ഏതെല്ലാമാണ്;

(ബി) ഇവ സംസ്ഥാന വൈദ്യുതി ബോർഡിന് വൈദ്യുതി വിലയിനത്തിൽ കൂടിശ്ശിക കൊടുക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലൈസൻസി വിഭാഗത്തിൽ 10 ഉപഭോക്താക്കളുണ്ട്. അവരുടെ പേരു വിവരം താഴെ ചേർക്കുന്നു:

1. കെ. എസ്. ഇ. ബി.
2. തൃശൂർ കോർപ്പറേഷൻ
3. റ്റാറ്റാ റ്റി ലിമിറ്റഡ്, മൂന്നാർ.
4. കൊച്ചിൻ പോർട്ട് ട്രസ്റ്റ്.
5. ടെക്നോ പാർക്ക്, തിരുവനന്തപുരം.
6. കൊച്ചിൻ ഷിപ്പിയാർഡ്.
7. റബ്ബർ പാർക്ക്, കൊച്ചിൻ.
8. കിൻഫ്ര, കാക്കനാട്.
9. കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ.
10. മിലിട്ടറി എഞ്ചിനീയറിംഗ് സർവ്വീസസ്.

(ബി) ഉണ്ട്. സംസ്ഥാനത്തെ ഇലക്ട്രിക് സപ്ലൈ ഏജൻസികൾ 30-9-2005 വരെ കാലയളവിൽ 47.36 കോടി രൂപ കൂടിശ്ശിക നൽകാനുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

വൈദ്യുതി ചാർജ്ജ് വർദ്ധന

84 [397] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(395), (396) എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതേ വരെ ഇലക്ട്രിസിറ്റി ബോർഡ് എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുകയുണ്ടായി;

(ബി) നിരക്ക് വർദ്ധനവ് വഴി 2001 മുതൽ ഓരോ വർഷവും ബോർഡിന് അധിക വരുമാനമായി ലഭിച്ച തുക എത്ര കോടി രൂപ വീതമാണെന്ന് വിശദമാക്കാമോ; നിരക്ക് വർദ്ധിപ്പിച്ച നടപടി തെറ്റായിരുന്നുവെന്ന് ഇപ്പോൾ സർക്കാരിന് ബോധ്യമായിട്ടുണ്ടോ;

(സി) റഗുലേറ്ററി കമ്മീഷൻ ഇപ്പോൾ വൈദ്യുതി നിരക്കിൽമാറ്റം വരുത്തുകയുണ്ടായോ; എങ്കിൽ എന്നു മുതൽ; നിരക്കിൽ മാറ്റം വരുത്തിയതുവഴി ബോർഡിന്റെ വരുമാനത്തിൽ കുറവു വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇപ്പോഴത്തെ തീരുമാന പ്രകാരമുള്ള നിരക്കിന് ഏതു തീയതി വരെ പ്രാബല്യമുണ്ട്; ആ തീയതി വരെ മൊത്തം എന്തു തുക വരുമാനത്തിൽ കുറവുണ്ടാകുമെന്നാണ് ബോർഡ് കരുതുന്നത്;

(ഡി) ബോർഡ് റഗുലേറ്ററി കമ്മീഷന് അടുത്ത വർഷത്തെ വരുമാനവും ചെലവും സംബന്ധിച്ച് നൽകിയ റിപ്പോർട്ട് പ്രകാരം പ്രതീക്ഷിക്കുന്ന കമ്മി എത്ര കോടി രൂപയാണ്?

ഉത്തരം

(എ) രണ്ടു പ്രാവശ്യം.

(ബി) നിരക്കു വർദ്ധനവുമൂലം 2001-02-ൽ 472.71 കോടി രൂപയും 2002-03-ൽ 495.66 കോടി രൂപയും അധികവരുമാനമായി ബോർഡിനു ലഭിച്ചു. അന്നത്തെ സാഹചര്യത്തിൽ നിരക്കു വർദ്ധനവ് അനിവാര്യമായിരുന്നു.

(സി) LT-I (a) ഗാർഹികം, LT-VII (A) & (B) വാണിജ്യം എന്നീ വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ യൂണിറ്റൊന്നിന് 20 പൈസയുടെ ഇളവ് 1-1-2006 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇത് റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെയാണ്. ഇതിന്റെ ഫലമായി ബോർഡിന്റെ വരുമാനത്തിൽ പ്രതിമാസം 10 കോടി രൂപയുടെ കുറവു വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിന്റെ പ്രാബല്യം നിജപ്പെടുത്തിയിട്ടില്ല.

(ഡി) റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച എ. ആർ. ആർ.-ഉം ഇ. ആർ. സി.-യും പ്രകാരം അടുത്ത വർഷം (2006-07) പ്രതീക്ഷിക്കുന്ന കമ്മി 302 കോടി രൂപയാണ്.

നെൽകർഷകർക്ക് വൈദ്യുതി സൗജന്യം

85 [398] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly